പുതിയ ബസ് സ്റ്റേഷനുകൾ

* 83. [83] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, പി. വി. മുഹമ്മദ് :
,, കെ. പി. രാമൻ :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സാമ്പത്തിക വർഷത്തിൽ പുതിയ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷനുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ എത്ര സ്റ്റേഷനുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു ; അവയുടെ പണി എന്നു പൂർത്തിയാകും ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) ഇല്ല.

(ബി) സാമ്പത്തിക പരിമിതിയാണ് പ്രധാന കാരണം.

(സി) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന സ്റ്റേഷനുകൾ താഴെ പറയുന്നവയാണ്:

1. പാറശ്ശാല
2. വികാസ്ഭവൻ
3. കിളിമാനൂർ
4. കരുനാഗപ്പള്ളി
5. മാവേലിക്കര
6. വടക്കൻ പറവൂർ
7. ചിറ്റൂർ തത്തമംഗലം
8. മാനന്തവാടി
9. താമരശ്ശേരി

മേൽപ്പറഞ്ഞ സ്റ്റേഷനുകളുടെ പണി സാമ്പത്തിക പരിമിതിമൂലം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക ലഭ്യതയനുസരിച്ച് എത്രയും പെട്ടെന്ന് പണികൾ പൂർത്തിയാക്കുവാൻ ശ്രമിക്കുന്നതാണ്.

കർഷക തൊഴിലാളികളുടെ മിനിമം ബോണസ്

* 84. [85] ശ്രീ. കെ. പി. പ്രഭാകരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. വി. കെ. രാമൻ :
,, കെ. ഇ. ഇസ്മയിൽ :
ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക തൊഴിലാളികളുടെ നിലവിലുള്ള മിനിമം വേജസ് ഏറ്റവും ഒടുവിലായി പുതുക്കിയിട്ടുള്ളത് എന്നാണ് ;

(ബി) ഇതനുസരിച്ച് പുരുഷന്റേയും സ്ത്രീയുടേയും കൂലി എന്തായിരിക്കണം എന്നാണ് നിശ്ചയിച്ചിട്ടുള്ളത് ;

(സി) ജീവിതനിലവാര സൂചികയും മറ്റും വർദ്ധിച്ചിട്ടുള്ളതനുസരിച്ച് കർഷക തൊഴിലാളികളുടെ മിനിമം വേജസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly